# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 488 06.03.2012 ൽ മറുപടിയ്ക്ക്

### പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

(എ) വനപരിപാലനത്തിനും ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(എ) വനപരിപാലനത്തിനും ജൈവ വൈവിധ്യം കാത്തു സൂക്ഷിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :-

1. വനാതിർത്തി സർവ്വേ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് കയ്യേറ്റങ്ങൾ ഉണ്ടാകാതെ വനപരിപാലനം ഉറപ്പുവരുത്തുന്നു.

2. വന സംരക്ഷണത്തിന്റെ ഭാഗമായി രാത്രികാല പട്രോളിംഗും പങ്കാളിത്ത വന പരിപാലനവും വളരെ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

3. വനങ്ങളെയും വന്യജീവികളെയും കാട്ടുതീയിൽ നിന്ന് രക്ഷിക്കുന്നതിന് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നു.

4. ജൈവ വൈവിധ്യത്തിന്റേയും വന്യജീവികളുടേയും സംരക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നു.

5.ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി അംഗീകരിച്ച മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ ' പ്രവർത്തനങ്ങളും, മണ്ണൊലിപ്പ് തടയുന്നതിനും ക്ഷയോന്മുഖ വനപ്രദേശങ്ങളിൽ വനവൽക്കരണം നടത്തി വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ ;

**(ബി)** 2010 - 11 സാമ്പത്തിക വർഷത്തിൽ 10 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**(സി)** പോലീസ് സ്റ്റേഷൻ മാതൃകയിൽ നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളും സെക്ഷനുകളും പുന:സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

**(സി)** നിലവിലുള്ള സെക്ഷൻ ബീറ്റ് സമ്പ്രദായം ഒഴിവാക്കി ഘട്ടം ഘട്ടമായി പോലീസ് സ്റ്റേഷൻ മാതൃകയിൽ വനം വകുപ്പിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**